# പതിനായിരങ്ങളെ അന്ധരാക്കും?

സ്വന്തം പ്രതിനിധി

ഭോപ്പാൽ: വിഷവായുവേററു മിഴികൾ തുറക്കാനാകാതെ കഷ്ടപ്പെടുന്ന പതിനായിരങ്ങളിൽ എത്ര പേക്ക് കാഴ്ച തിരിച്ചു കിട്ടും?—ഭോപ്പാലിൽ പരക്കെ പരിഭ്രാന്തി പരന്നിരിക്കുന്നു.

വിഷവായുവേററു കണ്ണു രോഗികളായി മാറിയവർ ഒരു ലക്ഷത്തിലേറേ വരുമെന്നാണ് നഗരത്തിലെവിവിധ ആസ്പത്രികളിൽ നിന്നുള്ള സ്ഥിതിവിവരക്കണക്കുകളിൽ നിന്നു മനസ്സിലാവുന്നത്. വിഷവായു ബാധയേററവർക്കു മരുന്നു കൊണ്ട് നേരിയ തോതിൽ മാത്രമേ രക്ഷപ്പെടാൻ കഴിയുകയുള്ളൂ എന്നു മധ്യപ്രദേശ് ഹെൽത്ത് ഡയരക്ടർ ഡോ. എം. എൻ. നഗു തന്നെ പറഞ്ഞു കഴിഞ്ഞു. കോർണിയ ക്രാഫ്ററിങ്ങ് പ്ലാൻറിന്നു രൂപം നൽകാൻ ഗവമ്മെണ്ട് തീരുമാനിച്ചിരിക്കയാണ്.

കണ്ണുകൾ ദാനം ചെയ്യാൻ ഡോ. നഗു നടത്തിയ പരസ്യ പ്രസ്താവനയോടെ പരിഭ്രാന്തിവർദ്ധിച്ചിരിക്കയാണ്. അധികം വൈകാതെ ചികിത്സ കിട്ടിയവർ മിക്കവാറും രക്ഷപ്പെട്ടേക്കാൻ ഇടയുണ്ടെന്നാണ് ജയപ്രകാശ് ആസ്പത്രിയിൽ നിരവധി കണ്ണുരോഗികളെ പരിശോധിച്ച ഡോ. നഗുവിന്റെ പ്രതീക്ഷ.

## എപ്പോൾ സംഭവിച്ചു?

ഭോപ്പാൽ കാർബൈഡ് ഫാക്ടറിയിലെ ഭൂഗർഭ ടാങ്കിൽ നിന്നു വിഷവായു ചോർന്നതു് എപ്പോഴാണ്? തിങ്കളാഴ്ച പുലർച്ചെ പന്ത്രണ്ടര മണിക്കാണോ അതോ ഞായറാഴ്ച ഉച്ചക്കോ?

ഞായറാഴ്ച ഉച്ചക്കുശേഷം ചോർച്ച തുടങ്ങിയതായി ഉന്നത വൃത്തങ്ങൾ കരുതുന്നു. ഇന്ത്യ കണ്ട ഏററവും വലിയ ഈ ദുരന്തത്തെ കുറിച്ചു സി. ബി. ഐ. അന്വേഷണം തുടങ്ങിയിരിക്കെ ഈ ദുരന്തം ഒഴിവാക്കുന്നതിൽ നിന്ന് ആരെങ്കിലും കണ്ണടച്ചിട്ടുണ്ടെങ്കിൽ അവരൊക്കെ കുടുങ്ങുമെന്നാണ് പേരു വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഈ ഉന്നത വൃത്തങ്ങൾ നൽകുന്ന സൂചന.

## മോർച്ചറിയിൽ ജീവനോടെ

മരിച്ചെന്നു കരുതി രാത്രിയിൽ മോർച്ചറിയിലേക്കു നീക്കിയ വിഷവായു ദുരന്തത്തിൽപ്പെട്ട ഒരു യുവതിക്കു അടുത്ത ദിവസം രാവിലെ ജീവൻ വെക്കുന്നതു ഹമീദിയ്യ ആസ്പത്രിയിൽ കണ്ടു.

സമീപപ്രദേശത്തു നിന്നു അബോധാവസ്ഥയിൽ ട്രക്കിൽ കൊണ്ടുവന്ന ഈ യുവതി മരിച്ചതായി ഡോക്ടർമാർ തന്നെയാണ് വിധിയെഴുതിയതു്. കുറച്ചു നേരം കഴിഞ്ഞതോടെ ''ശവം'' മോർച്ചറിയിലേക്കു മാററി. രാവിലെ ശവങ്ങളെ തിരിച്ചറിയാനുള്ള ശ്രമങ്ങൾക്കിടയിലാണ് ഒരു പൊലീസുകാരനു ഞെരുങ്ങുന്ന ശവം ശ്രദ്ധയിൽ പെട്ടത്. ഉടൻ തന്നെ സ്ട്രക്ച്ചറിൽ യുവതിയെ എമർജൻസി വാർഡിലേക്കു മാററി.

അധികം കഴിയുന്നതിന്നു മുമ്പ് യുവതി മരിച്ചുവെങ്കിലും നേരത്തെ ശ്രദ്ധിച്ചിരുന്നുവെങ്കിൽ ഈ ജീവൻ രക്ഷിക്കാമായിരുന്നില്ലേ എന്ന ചോദ്യം ഉയർന്നു നിൽക്കുന്നു. പക്ഷെ ഇവിടത്തെ ഡോക്ടർമാരുടെ കഴിഞ്ഞ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ നേരിൽ കാണുന്നവരൊന്നും ഈ തെററിൽ അവർക്കു മാപ്പു നൽകും.

## മരിച്ചവരിൽ മലയാളിയും

ഭോപ്പാൽ: വിഷവായു ദുരന്തത്തിന്ന് ഇരയായ മലയാളി —കോട്ടയത്തുകാരനായ കറിപ്പാലിൽ ചാക്കോ(26) ഇവിടെ മിലിട്ടറി ആസ്പത്രിയിൽ വെച്ച് മരിച്ചു. ജെ.ആൻറ് കെ. ബാററീസുമായി ബന്ധപ്പെട്ട സ്ട്രോ പ്രൊഡക്ഷൻസിൽ ഉദ്യോഗസ്ഥനാണ് ചാക്കോ.

രണ്ടര കൊല്ലം മുൻപു മാത്രം വിവാഹിതനായ ചാക്കോവിനോടൊപ്പം ഭാര്യയേയും ഒന്നര വയസ്സുള്ള മകനേയും സഹോദരിയേയും ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. അവരെല്ലാം സുഖം പ്രാപിച്ചു വരുന്നുണ്ടെങ്കിലും ഭർത്താവിന്റെ തിരോധാനം കണ്ടതോടെ ബോധം നഷ്ടപ്പെട്ട ഭാര്യയുടെ സ്ഥിതി അതേ നിലയിൽ തുടരുകയാണ്. ചാക്കോയുടെ മൃതദേഹം ബുധനാഴ്ച വൈകീട്ട് ഇവിടെ യാക്കോബായ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

വിഷവായു വരുന്ന വിവരം അറിഞ്ഞ സമയത്ത് മററു വീട്ടുകാരെ വിളിച്ചുണർത്താൻ പോയതിനാലാണ് ചാക്കോവിന്ന് സ്വന്തം ജീവൻ നഷ്ടപ്പെടേണ്ടി വന്നതെന്ന് തൊട്ടടുത്ത വീട്ടിൽ തന്നെ താമസിക്കുന്ന സ്ട്രോ പ്രൊഡക്ഷൻസ് മാനേജർ പറഞ്ഞു.

കോട്ടയം സ്വദേശി ജോർജ് പുന്നൂസ് (19) മരിച്ചതായി ആദ്യം റിപ്പോർട്ടുണ്ടായിരുന്നു.

മലയാളികളായ നാലഞ്ച് പേരെങ്കിലും മരിച്ചിട്ടുള്ളതായി പറയുന്നുണ്ടെങ്കിലും വിവരങ്ങളൊന്നും ഇവിടത്തെ മലയാളികൾക്ക് തന്നെ അറിവില്ല.

## മരണം ഇനിയുംകൂടും

ദൽഹി ലേഖകൻ തുടരുന്നു:—വിഷവാതകം മൂലമുള്ള മരണസംഖ്യ ഇനിയും വർദ്ധിച്ചേക്കുമെന്നാണ് ഡോക്ടർമാർ പറയുന്നതു്. രക്ഷപ്പെട്ടവർക്കും ഇതിന്റെ രൂക്ഷമായ പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടി വരും. പത്തിരുപതു ദിവസത്തിന്നു ശേഷമേ, ഇതു് വ്യക്തമായി പ്രകടമാവുകയുള്ളു. പലർക്കും കാഴ്ച നഷ്ടപ്പെടാനും, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ ഉണ്ടാകാനും ഇടയുണ്ട്. കിഡ്നിക്കും കരളിനും വിഷബാധയുണ്ടാകും.

## രക്തസാക്ഷികൾ

1-ാം പേജ് 8-ാം കോളം തുടർച്ച

യത് വിഷവായു ദുരന്തം റിപ്പോർട്ട് ചെയ്യാൻ വന്ന വിദേശികളടക്കമുള്ള പത്രലേഖകരെ ശരിക്കും കുഴക്കി.

ടി. ടി. നഗറിലെ കേന്ദ്ര കമ്പിയാപ്പീസിലെ ഒരേയൊരു ടെലക്സ് യന്ത്രമാണ് അൻപതോളം പേർക്കു ആകെ ആശ്രയം. ട്രങ്ക് കാളുകളുടെ കാര്യം പറയാതിരിക്കുകയാണ് ഭേദം. തങ്ങൾ സുരക്ഷിതരായി ഇരിക്കുന്നു വെന്നു ഭോപ്പാലിന്നു പുറത്തുള്ള ബന്ധുക്കളെ അറിയിക്കാൻ പൂരിപ്പിച്ച ടെലിഗ്രാം ഫോറങ്ങളുമായി കാത്തുനിൽക്കുന്ന ആയിരങ്ങളുടെ ബഹളമാണ് കമ്പിയാപ്പീസിൽ.

## നിയമനങ്ങളും മാററങ്ങളും

### ഡയരക്ടർ

തിരുവനന്തപുരം: ഡോ. എൻ. എസ്. സുഗുണാബായിയെ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പീഡിയാട്രിക്സ് ഡയരക്ടറും പ്രൊഫസറുമായി നിയമിച്ചു.

### പ്രൊഫസർ

ഡോ. എം. കെ. സൈനബയെ പ്രമോട്ട് ചെയ്ത് കോഴിക്കോട്ട് മെഡിക്കൽ കോളേജിൽ പീഡിയാട്രിക്സ് പ്രൊഫസറായി നിയമിച്ചു.

### അസോസിയേററ് പ്രൊഫസർമാർ

പീഡിയാട്രിക്സ് അസോസിയേററ് പ്രൊഫസർമാരായി പ്രമോട്ട് ചെയ്തു ഡോക്ടർ കെ. എസ്. ഹസ്സൻ ബീവിയെ കോഴിക്കോട് മെഡിക്കൽ കോളേജിലും ഡോക്ടർ തെരേസ ലോപസിനെ തൃശ്ശൂർ മെഡിക്കൽ കോളേജിലും നിയമിച്ചിരിക്കുന്നു.

# അന്വേഷണമാരംഭിച്ചു

ഭോപ്പാൽ: ലോകത്തെ ഏററവും ഭീകരമായ ഭോപ്പാൽ വിഷവാതക ദുരന്തത്തെ കുറിച്ച് വിദഗ്ദ്ധ കമ്മിററി അന്വേഷണമാരംഭിച്ചു.

മരണസംഖ്യ 1600—ഉം കവിഞ്ഞതായി ഏററവും ഒടുവിൽ കിട്ടിയ റിപ്പോർട്ടിൽ പറയുന്നു. വിഷവാതകം ശ്വസിച്ചതു മൂലം രോഗം ബാധിച്ചവർ ഇപ്പോഴും ആശുപത്രികളിൽ എത്തിക്കൊണ്ടിരിക്കുന്നു.

വിഷവാതക ദുരന്തത്തിന്നിരയായവർ എവിടെയെങ്കിലും കുടുങ്ങിക്കിടപ്പുണ്ടോ എന്നു പരിശോധിക്കാൻ അധികൃതർ വീടുതോറും അന്വേഷണമാരംഭിച്ചിട്ടുണ്ട്. മരണസംഖ്യ ഇനിയും വർദ്ധിച്ചേക്കുമെന്ന് അധികൃതർ സൂചനനൽകി. 20 കിലോമീററർ വ്യാപ്തിയിലുള്ള സ്ഥലത്തെല്ലാം വിഷവാതകം താണ്ഡവമാടിയിട്ടുണ്ട്.

അപകട സമയത്ത് കാററിന്റെ ഗതിവേഗം കുറവായിരുന്നുവെന്നും, കാററ് റെയിൽവെ സ്റ്റേഷന്റെ ദിശയിലാണ് വീശിക്കൊണ്ടിരുന്നതെന്നും കാലാവസ്ഥാ കേന്ദ്രങ്ങൾ അറിയിച്ചു.

45 ടൺ സംഭരണ ശേഷിയുള്ള വാതക ടാങ്കിൽ നിന്നാണ് ചോർച്ച സംഭവിച്ചിട്ടുള്ളതു്. ഒരു ടൺ ഗ്യാസ് മാത്രമേ ചോർന്നിട്ടുള്ളുവെങ്കിൽ പോലും, ഒമ്പതുലക്ഷം ജനസംഖ്യയുള്ള നഗരത്തിൽ ഓരോരുത്തർക്കും കിട്ടുന്ന വിഷത്തിന്റെ പങ്ക് ഒരു ഗ്രാമിലേറെയായി.

## യു.സി.സി.ചെയർമാൻ ഇന്ന് ഇന്ത്യയിലെത്തും

ബോംബെ: ഭോപാൽ വാതകദുരന്തത്തിൽ ആശ്വാസ നടപടികൾ ചെയ്യുന്നതിന്ന് അധികൃതരെ സഹായിക്കുന്നതിന്നായി യൂനിയൻ കാർബൈഡ് കോർപ്പറേഷന്റെ (യുസിസി) ചെയർമാൻ വാറൻ ആൻഡേഴ്സൺ ഒരു സംഘം വൈദ്യ—സാങ്കേതിക വിദഗ്ദ്ധരുമൊന്നിച്ച് വ്യാഴാഴ്ച ഇന്ത്യയിലെത്തും.